"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. സ്റ്റാർലി ഒ.എസ്, കെ.പി. യഹിയ, ശ്രീ. പി.കെ. രാജീവ്, ശ്രീ. സി. കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അഭിലാഷ് ജി.ടി, ഹെഡ് ക്ലാർക്ക് ശ്രീമതി. ടി. ഗീത, യു.ഡി. ക്ലാർക്കുമാരായ ശ്രീമതി. ധന്യ കെ.എസ്, ശ്രീ. അരുൺരാജ്, രതീഷ് കെ. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2273/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 21.04.2016-ലെ ഇ10(എസ് സി 40/15/എംപിഎം)3331/15 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 20.05.2016-ലെ 4887/ഡി3/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 01.03.2017-ലെ 155/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. രതീഷ് കെ.12.04.2017-ലും, ശ്രീ. അരുൺരാജ് സി. 13.04.2017-ലും, ശ്രീ. കെ.പി. യഹിയ 15.04.2017-ലും, ശ്രീമതി. ഗീത പി. 04.05.2017-ലും, ശ്രീ. സ്റ്റാർലി ഒ.എസ്. 08.05.2017-ലും, ശ്രീ. അഭിലാഷ് ജി.ടി 11.05.2017-ലും, ശ്രീ. സി. കുട്ടൻ, ശ്രീമതി. ധന്യ കെ.എസ്. ശ്രീ. രാജീവ് പി.കെ. എന്നിവർ തീയതി രേഖപ്പെടുത്താതെയും സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 08.11.2017, 08.06.2018 എന്നീ തീയതികളിലെ ഡി4-9539/2017 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് അനധികൃത കെട്ടിട നിർമ്മാണാനുമതി നൽകിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് അനധികൃതമായി കെട്ടിട നിർമ്മാണാനുമതി നൽകിയതായി കണ്ടെത്തുകയും, കെട്ടിട നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ മോശപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യുകയും ചെയ്തു എന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദികളായ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. സ്റ്റാർലി ഒ.എസ്, കെ.പി. യഹിയ, ശ്രീ. പി.കെ. രാജീവ്, ശ്രീ. സി. കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അഭിലാഷ് ജി.ടി, ഹെഡ് ക്ലാർക്ക് ശ്രീമതി. ടി. ഗീത, യു.ഡി. ക്ലാർക്കുമാരായ ശ്രീമതി. ധന്യ കെ.എസ്, ശ്രീ. അരുൺരാജ്, രതീഷ് കെ. എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്

ചുവടെ ചേർക്കുന്നു.

ശ്രീ. യഹിയ. കെ.പി. 08.04.2014 മുതൽ 09.10.2014 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതെന്നും ടിയാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായിതന്നെ 07.05.2013–ന് പരാമർശിത ട്രസ്റ്റിന് ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ ബിൽഡിംഗ് പെർമിറ്റ് ക്രമക്കേട് സംബന്ധിച്ച് കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിട്ടുള്ള കുറ്റാരോപണങ്ങളിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. രാജീവ് പി.കെ. 31.07.2014 മുതൽ 13.08.2015 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജോലി നോക്കിയിട്ടുള്ളതെന്നും ടി കാലയളവിൽ 09.10.2014 മുതൽ 27.07.2015 കൂടിയ കാലയളവിലാണ് ടിയാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതല വഹിച്ചിട്ടുള്ളതെന്നും പരാതിയ്ക്കാധാരമായ മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച 07.05.2013–ൽ ശ്രീ. പി.കെ. രാജീവ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്നും ടിയാൻ സെക്രട്ടറിയുടെ പൂർണ്ണ അധികചുമതല വഹിക്കവെ 28.01.2015–ന് പ്രസ്തുത ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിടത്തിന് ഡയാലിസിസ് സെന്റർ എന്ന രൂപേണ നമ്പർ അനുവദിക്കുന്നതിനായി ടി ട്രസ്റ്റ് ചെയർമാൻ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചെങ്കിലും ആയതിൽ അഭിപ്രായം ആരാഞ്ഞുകൊണ്ട് ജില്ലാ ടൗൺ പ്ലാനർക്ക് ശ്രീ. രാജീവ് കത്ത് നൽകിയതായും 27.03.2015–ലെ ജില്ലാ ടൗൺ പ്ലാനറുടെ കത്തിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഗ്രൂപ്പ് സി കാറ്റഗറിയിൽപ്പെട്ട പ്രസ്തുത കെട്ടിടത്തിന് വേണ്ട ലേഔട്ട് അംഗീകാരം വാങ്ങണമെന്ന് കാണിച്ച് 20.04.2015–ൽ മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും ഇപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ പ്രസ്തുത ട്രസ്റ്റ് ബിൽഡിംഗിന്റെ ഒക്യുപ്പെൻസിയിൽ മാറ്റം വരുത്തി നമ്പർ അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷയിൻമേൽ നിയമാനുസൃത നടപടികൾ ശ്രീ. രാജീവിന്റെ ഭാഗത്ത് നിന്ന് കൈക്കൊണ്ടിട്ടുള്ളതായും, മാത്രമല്ല, പ്രസ്തുത കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകൾ പേജ് നമ്പറിട്ട് പരിശോധനായോഗ്യമായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. അഭിലാഷ് ജി.ടി. എന്നവർ 18.08.2015 മുതൽ 26.09.2016 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജോലി നോക്കിയിട്ടുള്ളതെന്നും ടി കാലയളവിൽ 15.12.2015 മുതൽ 16.02.2016 വരെയുള്ള കാലയളവിലും 19.07.2016 മുതൽ 25.09.2016 വരെയുള്ള കാലയളവിലുമാണ് ടിയാൻ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്നതെന്നും മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളത് 07.05.2013–നാണെന്നും പ്രസ്തുത കാലയളവിൽ ശ്രീ. അഭിലാഷ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ ക്രമക്കേടുണ്ടെന്ന ആരോപണത്തിൽനിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. സ്റ്റാർലി ഒ.എസ്. എന്നവർ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായി 03.04.2013 മുതൽ 17.07.2014 വരെയുള്ള കാലയളവിലാണ് ജോലി നോക്കിയിട്ടുള്ളതെന്നും ടി

കാലയളവിൽ 30.09.2013 മുതൽ 08.10.2013 കൂടിയ കാലയളവിലും, തുടർന്ന്, 23.01.2014 മുതൽ 07.04.2014 വരെയുള്ള കാലയളവിലുമാണ് സെക്രട്ടറിയുടെ അധികച്ചുമതല വഹിച്ചിട്ടുള്ളതെന്നും മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളത് 07.05.2013–നാണെന്നും, ശ്രീ. സ്റ്റാർലി സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിലല്ല പരാമർശിത ട്രസ്റ്റിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും ആയതിനാൽ കുറ്റാരോപണങ്ങളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ഗീത പി. എന്നവർ 20.07.2012 മുതൽ 31.12.2016 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിയിട്ടുള്ളതെന്നും ടി കാലയളവിൽ 26.09.2016 മുതൽ 16.11.2016 വരെയുള്ള കാലയളവിലാണ് സെക്രട്ടറിയുടെ അധികച്ചുമതല വഹിച്ചിട്ടുള്ളതെന്നും മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിനായി 27.11.2012–ലാണ് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതെന്നും പ്രസ്തുത കാലയളവിൽ ശ്രീ. എം.എ. ഹുസൈൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, ശ്രീമതി. ഗീത പി. ഹെഡ് ക്ലാർക്കുമായിരുന്നുവെന്നും 07.05.2013–ന് പരാമർശിത കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച ഫയൽ പരിശോധിച്ചതിൽ, ആയതിൽ ഏതെങ്കിലും കുറിപ്പുകൾ ശ്രീമതി. ഗീത പി. ഹെഡ്ക്ലാർക്ക് എന്ന നിലയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ആയതിൽ പേജ് നമ്പർ ഇട്ടതായും പരിശോധനായോഗ്യവുമായ രീതിയിൽ സൂക്ഷിച്ചിട്ടുള്ളതായും, നോട്ട് ഫയൽ ഭാഗികമായി ഉള്ളതായും കാണുന്നുവെന്നും ശ്രീമതി. ഗീത പി. സെക്രട്ടറിയുടെ അധികച്ചുമതല നിർവ്വഹിക്കുന്നതിന് മുമ്പായി തന്നെ പ്രസ്തുത ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കപ്പെട്ട വസ്തുത ടിയാൾക്ക് അനുകൂലമായി പരിഗണിക്കാവുന്നതാണവെന്നും എന്നാൽ സൂപ്പർവൈസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ഗീത പി. പ്രസ്തുത ഫയലിൽ യാതൊരു കുറിപ്പും രേഖപ്പെടുത്താതെയും, മേൽനോട്ടം കൂടാതെയും പെർമിറ്റ് അനുവദിക്കപ്പെടാനിടയായതിൽ കർത്തവ്യത്തിലുള്ള അലംഭാവം സംഭവിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. അരുൺരാജ് സി. 04.01.2014 മുതൽ 16.01.2016 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിയിരുന്നതെന്നും പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഓഫീസ് ഉത്തരവ് പുസ്തകം പരിശോധിച്ചതിൽ 11.02.2014–ലെ ഓഫീസ് ഉത്തരവ് പ്രകാരം എ3 സെക്ഷനാണ് ബിൽഡിംഗ് പെർമിറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. അരുൺരാജ് ആണെന്നും 07.05.2013–നാണ് പരാമർശിത മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് കെട്ടിടനിർമ്മാണാനുമതി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചതെന്നും പ്രസ്തുത കാലയളവിൽ ശ്രീ. അരുൺരാജ് ആയിരുന്നില്ല ബിൽഡിംഗ് പെർമിറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നതെന്ന് കണക്കിലെടുത്ത് ടിയാനെതിരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്ന് ടിയാനെ ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. രതീഷ് കെ. എന്നവർ 28.11.2014 മുതൽ 14.01.2016 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിയിട്ടുള്ളതെന്നും മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളത് 07.05.2013–നാണെന്നും ശ്രീ. രതീഷ് കെ. എന്നവർക്ക് 10.02.2015–ലെ 1/15 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരമാണ് ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച എ1 സെക്ഷൻ നൽകിയതെന്നും ശ്രീ. രതീഷ് കെ. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച 28.11.2014-ന് മുമ്പ് തന്നെ പരാമർശിത ട്രസ്റ്റിന് കെട്ടിട നിർമ്മാണാനുമതി ഗ്രാമപഞ്ചായത്തിൽനിന്നും അനുവദിക്കുകയുണ്ടായെന്നും ടിയാൻ സെക്ഷൻ ക്ലാർക്കായിരുന്ന കാലയളവിൽ പ്രസ്തുത ട്രസ്റ്റിന്റെ കെട്ടിട നമ്പറിംഗ് സംബന്ധിച്ച വിഷയത്തിൽ സെക്ഷൻ ക്ലാർക്കെന്ന നിലയിൽ ടിയാൻ സക്രിയമായി ഇടപെട്ടിട്ടുണ്ടെന്നും, പരാമർശിത ബിൽഡിംഗ് പെർമിറ്റിനാധാരമായ ഫയൽ യഥാവിധി പരിപാലിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യങ്ങൾ പരിഗണിച്ച് ടിയാനെതിരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. സി. കുട്ടൻ 27.07.2015 മുതൽ 15.12.2015 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതെന്നും ടിയാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി തന്നെ 07.05.2013-ന് പരാമർശിത ട്രസ്റ്റിന് ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും ടിയാൻ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിനിടയിൽ 19.09.2015-ന് പരാമർശിത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായി ട്രസ്റ്റ് അധികൃതർ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതായും ആയതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചതായോ, കത്തിടപാടുകൾ നടത്തിയതായോ ഫയൽ പരിശോധനയിൽ കണ്ടെത്താനായില്ലെന്നും പരാമർശിത മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിടത്തിന് നമ്പർ അനുവദിക്കരുതെന്ന ശ്രീ. കൊടിയത്തൊടി അവറാൻ ഹാജിയുടെ ഹർജിയും കെട്ടിട നമ്പർ അനുവദിക്കണമെന്ന മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് ചെർമാന്റെ ഹർജിയും പരിഗണിച്ചുകൊണ്ട് ബഹു. കേരള ഹൈക്കോടതി 22.08.2016-ന് WP(C) 31282/15,32419/2015 നമ്പർ വിധിപ്രകാരം ടി കെട്ടിടത്തിന്റെ ഒക്യുപെൻസി ഗ്രൂപ്പ് സി വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കാനും ഗ്രാമപഞ്ചായത്ത് ആയത് ടൗൺപ്ലാനർക്ക് നൽകി ടൗൺപ്ലാനറുടെ റിപ്പോർട്ട് ലഭ്യമാക്കി ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും, തുടർന്ന് മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 28.09.2016-ന് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയ്ക്ക് ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25.11.2016-ന് എ1/4037/16 നമ്പർ കത്ത് പ്രകാരം മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും എന്നാൽ ടി കെട്ടിടത്തിന് നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നിന്നും നമ്പർ അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് ശ്രീ. സി. കുട്ടൻ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുന്നതിന് മുമ്പായതിനാൽ ടിയാന്റെ പ്രതിവാദ പത്രിക അനുകൂലമായി പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും കൂടാതെ ടിയാൻ 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ധന്യ കെ.എസ്. 13.08.2012 മുതൽ 28.11.2014 വരെയുള്ള കാലയളവിലാണ് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കിയിട്ടുള്ളതെന്നും പരാമർശിത മേഴ്സി ചാരിറ്റബിൾ ട്രസ്റ്റ് കെട്ടിട നിർമ്മാണാനുമതിയ്ക്കുള്ള അപേക്ഷ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെട്ട കാലയളവിൽ ശ്രീമതി. ധന്യയായിരുന്നു പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ലഭിച്ച 27.11.2012-ന് തന്നെ ആയത് പരിശോധിച്ച് ടി സ്ഥലത്തിന്റെ തരം നിലമാണെന്ന് കാണുന്നതായി നോട്ട് ഫയലിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥന് സമർപ്പിച്ചതായും ടി അപേക്ഷയിൽ ആർ.ഡി.ഒ.യുടെ അനുമതിപത്രം സമർപ്പിക്കുന്നതിന് അപേക്ഷകന് കത്ത് നൽകുന്നതിന് സെക്രട്ടറി നോട്ട് ഫയലിൽ നിർദ്ദേശം നൽകിയതായി കാണുന്നുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണുന്നില്ലെന്നും അപേക്ഷകനുള്ള കത്ത് 31.12.2012-നാണ് സെക്രട്ടറി ഒപ്പ് വച്ചിട്ടുള്ളതെന്നും ആർ.ഡി.ഒ.യുടെ അനുമതി പത്രം ഹാജരാക്കാത്തതിനാൽ പരാമർശിത അപേക്ഷ നിരസിച്ചതായി 17.01.2013-ലെ എ2-6215/12 നമ്പർ കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും തുടർന്ന് ടി കെട്ടിട

നിർമ്മാണാനുമതിയുള്ള അപേക്ഷ നിരസിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ ബഹു. കേരള ഹൈക്കോടതിയിൽ 2113/2013 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിൽ 27.02.2013-ലെ വിധിന്യായപ്രകാരം റവന്യൂ രേഖകളിൽ തരം രേഖപ്പെടുത്തിയത് മാത്രം പരിഗണിക്കാതെ സ്ഥലപരിശോധന നടത്തി നിലവിൽ തരംമാറ്റിയ ഭൂമിയാണോ എന്നും തരം മാറ്റിയതാണെങ്കിൽ 2008-ന മുമ്പ് തരം മാറ്റിയതാണോ എന്നും ഉറപ്പ് വരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിയമാനുസൃത നടപടികൾ സ്വീകരിക്കാനാണ് നിർദ്ദേശം നൽകിയതെന്നും എന്നാൽ ബഹു. ഹൈക്കോടതിയിൽ പഞ്ചായത്തിന്റെ ഭാഗം വക്കീൽ മുഖാന്തിരം അവതരിപ്പിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടില്ലെന്നും പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് 24.03.2012- ന് 595/10 നമ്പറായി പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ പരാമർശിത കെട്ടിടം ഉൾക്കൊള്ളുന്ന ഭൂമിയുടെ തരം ഏതാണ്ട് 5 വർഷം മുമ്പ് മാറ്റിയതായി രേഖപ്പെടുത്തിയതായി കാണുന്നുവെന്നും ഇപ്രകാരം ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് പരാമർശിത ചാരിറ്റബിൾ ട്രസ്റ്റിന് 07.05.2013-ന് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ധന്യ.കെ.എസ്. 04.05.2013-ന് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിനായി ഫയൽ സമർപ്പിക്കുന്നുവെന്ന് രേഖപ്പെടുത്തി നോട്ട് ഫയൽ തയ്യാറാക്കുകയും ടി പെർമിറ്റിന്റെ ഓഫീസ് കോപ്പിയിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ നമ്പർ രേഖപ്പെടുത്തിയതായും ആയത് പ്രകാരമാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതെന്നും സൈറ്റ് പരിശോധിച്ചുവെന്നും സെക്രട്ടറി രേഖപ്പെടുത്തിയതായി കാണുന്നുവെന്നും ആകയാൽ സെക്രട്ടറി സ്ഥല പരിശോധന നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പരാമർശിത കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും ആയതിൽ സെക്ഷൻ ക്ലാർക്കെന്ന നിലയിൽ ശ്രീമതി. ധന്യയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മേഴ്സി ചാരിറ്റബിൾ ട്രസ്റ്റിന് പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 07.05.2013-ന് പെർമിറ്റ് അനുവദിച്ചത് അക്കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി.ടി. ഹംസയാണെന്നും ടിയാൻ 31.12.2015-ന് സെക്രട്ടറി തസ്തികയിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ടെന്നും കൂടാതെ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുകയും ചെയ്തിട്ടില്ലെന്നും മേൽവസ്തുതകൾ പരിഗണിച്ച് ശ്രീ. കെ.പി. യഹിയ, ശ്രീ. പി.കെ. രാജീവ്, ശ്രീ. അഭിലാഷ് ജി.ടി, ശ്രീ. സ്റ്റാർലി ഒ.എസ്, ശ്രീമതി. ഗീത പി., ശ്രീ. അരുൺരാജ്, ശ്രീ. രതീഷ് കെ, ശ്രീ. സി. കുട്ടൻ, ശ്രീമതി. ധന്യ കെ.എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി അനുഭാവപൂർവ്വം പരിഗണിക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ ജീവനക്കാർക്കെതിരെ ശിക്ഷ നൽകുന്നതിന് തക്ക ക്രമക്കേടുകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഓഫീസ് നടപടിക്രമങ്ങളിലെ മാനുവലിൽ നിഷ്കർച്ചിരിക്കുന്ന പ്രകാരം ഫയലുകൾ ശരിയാംവണ്ണം കൈകാര്യം ചെയ്തു സൂക്ഷിക്കാത്ത പാളിച്ചമാത്രമാണ് കണ്ടെത്തിയിരുന്നത്. അതിനാൽ ഇവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ എല്ലാ ഫയലുകളും ഓഫീസ് നടപടിക്രമങ്ങളിലെ മാനുവലിൽ നിഷ്കർച്ചിരിക്കുന്ന പ്രകാരം ഫയലുകൾ ശരിയാംവണ്ണം കൈകാര്യം ചെയ്യുന്നതിന് നിർദ്ദേശം നൽകണമെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. സ്റ്റാർലി ഒ.എസ്, കെ.പി. യഹിയ, ശ്രീ. പി.കെ. രാജീവ്, ശ്രീ. സി. കുട്ടൻ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അഭിലാഷ് ജി.ടി, ഹെഡ് ക്ലാർക്ക് ശ്രീമതി. ടി. ഗീത, യു.ഡി. ക്ലാർക്കുമാരായ ശ്രീമതി. ധന്യ കെ.എസ്, ശ്രീ. അരുൺരാജ്, രതീഷ് കെ. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/330/2019-വിജി. തീയതി 03.08.2019 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/155/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ